## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235 — 07.12.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്,<br>ശ്രീ. എം.ഉമ്മർ,<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്,<br>ശ്രീ. സി.മമ്മൂട്ടി | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ 800 ച. അടിയിലധികം തറവിസ്തീർണ്ണമില്ലാത്ത വീടിനൊപ്പം 120 ച.അടി വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 120 സ്ക്വയർ ഫീറ്റ് റൂം നിർമ്മിക്കുന്നതിനും, മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും, പുസ്തകം സൂക്ഷിക്കുന്ന ഭിത്തി അലമാര സ്ഥാപിക്കുന്നതിനും, വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് തുക അനുവദിക്കുന്നത്. ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. |
| (ബി) | നാളിതുവരെ എത്ര പഠന മുറികൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | 2537 പഠനമുറികൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നുണ്ട്. |
| (സി) | അഞ്ചുവർഷം കൊണ്ട് പതിനായിരം പഠന മുറികൾ എന്ന പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ 2017-18 വർഷം 6623 പേർക്കും 2018-19 വർഷം 5000 പേർക്കും പഠനമുറി അനുവദിച്ചതിലൂടെ തന്നെ പതിനായിരത്തിലധികം പഠനമുറികൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ